# കാവാലം – വേറിട്ട അരങ്ങുവഴി

കെ.ജി. പൗലോസ്

അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന നാടകസംവിധായകരിൽ ഇന്ത്യയിൽനിന്നുള്ളവരുടെ മുൻപന്തിയിൽ നിൽക്കുന്നു, അന്തരിച്ച നാട്യാചാര്യൻ കാവാലം നാരായണപ്പണിക്കർ. കനലുകൾ ഒട്ടേറെ ചവിട്ടിയാണ് അദ്ദേഹം ആ നിലയിലെത്തിയത്.

കൗമാരം കഴിഞ്ഞപ്രായത്തിൽ ഒരിക്കൽ കാവാലത്തുവീട്ടിൽ അമ്മാവൻ സർദാർ കെ.എം. പണിക്കരുടെ അതിഥിയായെത്തിയ മഹാകവി വള്ളത്തോളിനെ താനെഴുതിയ നാടകം അദ്ദേഹം വായിച്ചുകേൾപ്പിച്ചു. നൂറിലധികം പേജുവരുന്ന കൃതി മുഴുവൻ ശ്രദ്ധയോടെ കേട്ട കവി പ്രതികരിച്ചു – 'ഇതൊരു മൂന്നുപേജിൽ കുറിക്കാവുന്നതല്ലേയുള്ളൂ.' ഞെട്ടിപ്പോയി. നീട്ടിപ്പരത്തുകയല്ല കാച്ചിക്കുറുക്കുകയാണ് കവികർമ്മം എന്ന ആദ്യപാഠം ഗ്രഹിച്ചതങ്ങനെയാണ്. അരവിന്ദനാണ് സംവിധാനത്തിൽ ഗുരു. സി.എൻ. ശ്രീകണ്ഠൻനായരുടെ കാഞ്ചനസീത അദ്ദേഹം സിനിമയാക്കിയപ്പോൾ ഒറ്റ ആശയമേ അദ്ദേഹം സ്വീകരിച്ചുള്ളൂ. സീത പ്രകൃതിയാണ്. മൂലകൃതിയിൽനിന്ന് വെറും ഇരുപത് ചെറുവാക്യങ്ങളേ അരവിന്ദൻ സിനിമയിൽ ചേർത്തുള്ളൂ. അച്ചടിച്ചുവച്ചിരിക്കുന്നത് അരങ്ങിൽവന്ന് കാണാപ്പാഠം പറയുന്നതല്ല നാടകം. സംവിധായകന്റെ വ്യാഖ്യാനമാണ് അരങ്ങുവഴക്കം. ഈ തിരിച്ചറിവോടെയാണ് തന്റെ 'അവനവൻ കടമ്പ' അരവിന്ദനെ ഏല്പിച്ചത്. അതൊരു ഹിറ്റായി. തുടർന്നാണ് തന്റെ നാടകങ്ങൾ സ്വയം സംവിധാനം ചെയ്യാൻ തുടങ്ങിയത്. സംസ്കൃതനാടകങ്ങളെയാണ് ആദ്യമെടുത്തത്. – ആദ്യത്തേത് ഭാസന്റെ മദ്ധ്യമവ്യായോഗം. തുടർന്നു സംസ്കൃതത്തിലെ ക്ലാസിക്കുകളെല്ലാം. അവസാനം വിടപറയും മുൻപേ ശാകുന്തളത്തിന് പുതിയ രംഗഭാഷ്യം. സംസ്കൃതനാടകങ്ങളാണ് ലോകമെങ്ങും അദ്ദേഹത്തെ പ്രശസ്തനാക്കിയത്. അഞ്ചരപതിറ്റാണ്ട് നീണ്ട നാടകസപര്യയിൽ മുപ്പത് നാടകങ്ങൾ എഴുതി, അമ്പതോളം സംവിധാനം ചെയ്തു. ലോകമെമ്പാടും അനേകായിരം നാടകരാവുകൾ സൃഷ്ടിച്ചു. കുട്ടനാടിന്റെ ഓളവും താളവും ആ രാവുകളെ കുളിരണിയിച്ചു. വരേണ്യ-നാടോടി പാരമ്പര്യത്തിന്റെ വരമ്പുകൾ ആ രാവുകളിൽ നേർത്തില്ലാതെയായി. പുതിയൊരു നാടകസംസ്കാരം കാവാലം ലോകത്തിന് സംഭാവനചെയ്തതങ്ങനെയാണ്.

നാടകരംഗത്ത് മാത്രം ഒതുങ്ങുന്നതല്ല കാവാലത്തിന്റെ സംഭാവനകൾ. അനേകം കവിതങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്; നൂറ്റിമുപ്പതോളം സിനിമാഗാനങ്ങൾ; കൂടാതെ മോഹിനിയാട്ടത്തെ സോപാനരീതിയിൽ പരിഷ്കരിക്കാനുള്ള ശ്രമങ്ങൾ.

തൃപ്പൂണിത്തുറയോടുത്ത ബന്ധമുണ്ടായിരുന്നു കാവാലത്തിന്. മൂന്നുവർഷം മുൻപു കൂടി അദ്ദേഹത്തിന്റെ മാളവികാഗ്നിമിത്രം അവിടെ അരങ്ങേറിയിരുന്നു. വ്യക്തിപരമായി എനിക്ക് ആ വിയോഗം വലിയൊരു നഷ്ടമാണ്. ഡൽഹിയിൽ നിന്ന് അടുത്തയിട പ്രസിദ്ധീകരിച്ച എന്റെ 'വ്യംഗ്യവ്യാഖ്യ' എന്ന ഗ്രന്ഥത്തിന് ഇംഗ്ലീഷിൽ പ്രൗഢമായൊരു ലേഖനത്തിലൂടെ അവതരിപ്പിച്ചതു അദ്ദേഹമായിരുന്നു.

---

ഡോ. കെ.ജി. പൗലോസ്, മനുസ്മൃതി, താമരക്കുളങ്ങര, തൃപ്പൂണിത്തുറ - 682 301, ഫോൺ: 9846041205, E-mail: kgpaulose@gmail.com, www.kgpaulose@info.com.